# മഹാ ഭാരതം

## സാംസ്കാരിക ചരിത്രം



സുനിൽ പി ഇളയിടം

Malayalam Language
Mahābhāratham: Sāmskārikacharithram

Study
by Sunil P. Elayidam

Rights Reserved
First Published February 2020

Publishers
D C Books, Kottayam 686 001
Kerala State, India
Literature News Portal: www.dcbooks.com
Online Bookstore: www. dcbookstore.com
e-bookstore: ebooks.dcbooks.com
Customercare: customercare@dcbooks.com, 9846133336

Distributors
DC Books-Current Books
INDIA

D C Books Library Cataloguing in Publication Data
Sunil P. Elayidam.
Mahabharatham: samskarikacharithram/Sunil P. Elayidam.
976 p., 21 cm.
ISBN 978-93-5390-342-8.
1. Religion. 2. Hinduism. 3.Study. I. Title.
294.592 309-dc 22.

No part of this publication may be reproduced, or transmitted in any form
or by any means, without prior written permission of the publisher.

ISBN 978-93-5390-342-8

Printed in India
at D C Press, Kottayam, INDIA.

D C BOOKS - The first Indian Book Publishing House to get ISO Certification

1365/19-20-Sl.No. 20219-dcb 7425- 1000-23989-02-20-Itc 18.6-p as-r bm/sh-d hm

സുനിൽ പി. ഇളയിടം

# മഹാഭാരതം സാംസ്കാരികചരിത്രം

ഡി സി ബുക്സ്

## ഉള്ളടക്കം

ആമുഖം ........................................................................19
കാലാനുക്രമണിക..............................................................43
മഹാഭാരതസ്ഥാനങ്ങൾ ......................................................46
കഥാപാത്രവംശാവലി ........................................................ 47
പ്രവേശിക ......................................................................... 49

ഭാഗം ഒന്ന് • മഹാഭാരതം : പാഠം, സ്വരൂപം, ആഖ്യാനം

അധ്യായം 1 : കാലവൃക്ഷം ..................................................53
അധ്യായം 2 : മഹാഭാരതസ്വരൂപം ........................................75
അധ്യായം 3 : ഇളകുന്ന ഉടൽ : മഹാഭാരതത്തിന്റെ പാഠപ്രകൃതം ................................................ 107
അധ്യായം 4 : കൃതിയും കർത്താവും : പരിണാമത്തിന്റെ പടവുകൾ.......................................................135

ഭാഗം രണ്ട് • മഹാഭാരതത്തിന്റെ ചരിത്രഭൂമിക

അധ്യായം 5 : ഇതിഹാസം: രൂപവും ചരിത്രവും.......................173
അധ്യായം 6 : മഹാഭാരതത്തിലെ സാമൂഹികക്രമങ്ങൾ...... 201
അധ്യായം 7 : യുദ്ധവും ഭൗതികാധാരങ്ങളും..........................269
അധ്യായം 8 : കൃഷ്ണൻ : ദൈവകല്പനയുടെ ചരിത്ര പരിണാമങ്ങൾ..................................................316

ഭാഗം മൂന്ന് • പാരായണങ്ങൾ, അർത്ഥാന്വേഷണങ്ങൾ

അധ്യായം 9 : പാഠം, വായന, അർത്ഥം ..................................369
അധ്യായം 10 : മഹാഭാരതം: അർത്ഥാന്വേഷണങ്ങൾ ............386

# ആമുഖം

വ്യാസമഹാഭാരതത്തിലേക്ക് എന്നെ കൂട്ടിക്കൊണ്ടുപോയത് പി. കെ. ബാലകൃഷ്ണനാണ്; പി.കെ. ബാലകൃഷ്ണന്റെ വ്യാസഭാരതപഠനങ്ങൾ. മഹാഭാരതകഥകൾ കേട്ടും ചിലതെല്ലാം വായിച്ചുമാണ് ഞാൻ കുട്ടിക്കാലം പിന്നിട്ടത്. എം.എ. പഠനം പൂർത്തിയായപ്പോഴേക്കും *യയാതി*, *ഇനി ഞാൻ ഉറങ്ങട്ടെ*, *രണ്ടാമൂഴം* തുടങ്ങിയ നോവലുകളും *ഭാരതപര്യടനം* പോലുള്ള വ്യാഖ്യാനങ്ങളും ഞാൻ വായിച്ചിരുന്നു. എങ്കിലും മഹാഭാരതം മുഴുവനായും വായിക്കണമെന്ന തോന്നൽ അപ്പോഴൊന്നും എനിക്കുണ്ടായിരുന്നില്ല. ഭീമാകാരമായ ഒരു മതഗ്രന്ഥമായാണ് അക്കാലത്ത് ഞാൻ മഹാഭാരതത്തെ കണ്ടിരുന്നത്. വിദ്യാർത്ഥിജീവിതകാലത്തെ തീവ്രമായ രാഷ്ട്രീയബോധ്യങ്ങൾ അതിനോട് അകലം ജനിപ്പിക്കുകയും ചെയ്തിരുന്നു.

എം.എ. പഠനമെല്ലാം കഴിഞ്ഞ്, സമാന്തര വിദ്യാഭ്യാസമേഖലയിൽ ജോലിചെയ്തിരുന്ന 1990-കളുടെ പകുതിയിലെപ്പോഴോ ആണ് പി.കെ. ബാലകൃഷ്ണന്റെ വ്യാസഭാരതപഠനങ്ങൾ ഞാൻ വായിച്ചത്. മുഖ്യമായും എഴുത്തച്ഛന്റെ കാവ്യകലയെ കുറിച്ചുള്ളതായിരുന്നു ആ ഗ്രന്ഥം. എങ്കിലും വ്യാസമഹാഭാരതത്തെക്കുറിച്ചുള്ള നാലഞ്ചു ലേഖനങ്ങൾ അതിലുണ്ടായിരുന്നു. അത്യാദരങ്ങളോടെയാണ് പി.കെ. ബാലകൃഷ്ണൻ വ്യാസമഹാഭാരതത്തെ അതിൽ അവതരിപ്പിക്കുന്നത്. ആദ്യവായനയിൽ ആ വാക്കുകൾ എന്നെ അല്പം ആശ്ചര്യപ്പെടുത്തുകതന്നെ ചെയ്തു:

"അധൃഷ്യമായ വസ്തുത; ഭ്രമകരമായ കേവലനിർമ്മമത; അനന്തമായ സങ്കീർണ്ണത; അനുഭവത്തിന്റെ പൂർണ്ണതയിൽ അറിയുന്ന മനസ്സും അറിഞ്ഞ അറിവും ആലസ്യത്തിൽ ലയിച്ചുണ്ടായ അജ്ഞേയത-ജീവിതമെന്ന മൂർത്തമായ അപ്രമേയതയെ തത്സ്വരൂപത്തിൽ ആവിഷ്കരിക്കുന്ന ഒരു സാഹിത്യകലാസൃഷ്ടിയോ, സാഹിത്യകലാസൃഷ്ടി കൂടിയോ ആണ് വ്യാസൻ രചിച്ചതായി കരുതപ്പെടുന്ന *ശ്രീമഹാഭാരതം*." മഹാഭാരതത്തെക്കുറിച്ചുള്ള തന്റെ ലേഖനങ്ങളിലൊന്ന് പി.കെ. ബാലകൃഷ്ണൻ ആരംഭിക്കുന്നതിങ്ങനെയാണ്. ആധുനികയുഗത്തിലെ സാഹിത്യമഹാസൃഷ്ടികൾ വായിക്കുന്ന അതേനിലയിൽ ഇപ്പോഴും വായിക്കാവുന്ന കൃതിയാണ് മഹാഭാരതമെന്ന് അദ്ദേഹമവിടെ എഴുതിയിട്ടുണ്ട്. കാലമാണ് അതിലെ പ്രധാന കഥാപാത്രവും കഥാഘടനയുടെ